(എഫ്) സ്കൂൾ യുവജനോത്സവ സർട്ടിഫിക്കറ്റുകളിൽ ഗവൺമെന്റ് ഉത്തരവ് ഇല്ലാതെ അതിന്റെ നടത്തിപ്പുകാർക്ക് ഏതു മുദ്രയും പതിപ്പിക്കാനുള്ള അധികാരം ഉണ്ടോ?

ഉത്തരം

(എ) മാനവീയം പരിപാടിയുടെ സംസ്ഥാനതല ഉൽഘാടനത്തോടനുബന്ധിച്ച് മാനവീയം പതാക സ്കൂളുകളിൽ ഉയർത്തുന്നതിന് മികവ് തെളിയിക്കുന്നതിനും കൂടാതെ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് കാശും വസ്ത്രവും സമാഹരിക്കുന്നതിലേക്കായി 23.11.1999 ന് നടന്ന പരിപാടിയിൽ സഹകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിരിന്നു.

(ബി) സ്കൂൾ കുട്ടികൾക്ക് പ്രത്യേക അസംബ്ലി, പ്രതിജ്ഞ, സ്കൂൾ പരിസര ശുചീകരണപരിപാടി, സംഘഗാനം എന്നിവ നടത്താനുദ്ദേശിക്കുന്നു.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) യുവജനോത്സവ നടത്തിപ്പിന് അതാതു തലത്തിൽ രൂപീകരിക്കുന്ന സംഘാടക സമിതിക്ക് ഇതു സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

116 (496) സംസ്ഥാനത്തെ റോഡുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വില്ലേജ് റോഡുകൾ പി.ഡബ്ളിയു.ഡി. ഏറ്റെടുത്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) എത്ര ഗ്രാമീണ റോഡുകൾ ജില്ലാ റോഡുകളായി ഉയർത്തി;

(സി) എത്ര ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയായി ഉയർത്തി; അവ ഏവ;

(ഡി) എത്ര ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് ഭരണാനുമതി നൽകി; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 15 എണ്ണം. ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

കണ്ണൂർ	-	2
മലപ്പുറം	-	1
പത്തനംതിട്ട	-	7
കൊല്ലം	-	1
കോട്ടയം	-	2
തിരുവനന്തപുരം	-	2
ആകെ	-	**15**

LIBRARY ARCHIVES Kerala Legislative Assembly

(ബി) 54 എണ്ണം

(സി) 22 റോഡുകൾ സ്റ്റേറ്റ് ഹൈവേകളായി പ്രഖ്യാപിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേകളായി പ്രഖ്യാപിച്ച റോഡുകളുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

(ഡി) 13 റോഡുകൾ. അവയുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

1. ഒഴക്രോം- വെള്ളിക്കൽ റോഡ്
2. കരുവഞ്ചാൽ -കുറ്റിപ്പുഴ-നെല്ലിപ്പാറ റോഡ്
3. മുണ്ടേങ്ങര - പുള്ളിപ്പാടം റോഡ്
4. ചെറുകുളം-പത്തിരിയാൽ റോഡ്
5. ഞാലിക്കണ്ടം- കടമാൻകുളം റോഡ്
6. കണ്ണപ്പാവ്-കുളത്തുർമൂഴി റോഡ്
7. ചെങ്ങനാർ- കടമാൻ കുളം റോഡ്
8. പുത്തൻപുരയ്ക്കൽപടി- വാളാക്കുഴി റോഡ്
9. കോട്ടങ്ങൽ- ആലപ്രക്കാട് റോഡ്
10. ഓയിൽപാറ -ചണ്ണപേട്ട റോഡ്
11. മുരണിശാസ്താം കോയിൽ റോഡ്
12. കിടങ്ങൂർ ക്ഷേത്രം- ചെംപിലാവ് റോഡ്
13. കുമ്മിപ്പള്ളി - കെൽട്രോൺ ജംഗ്ഷൻ റോഡ്.

117 (498) റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി എന്നു വ്യക്തമാക്കുമോ;

(ബി) ഇവയിൽ ടെണ്ടർ ചെയ്ത റോഡുകൾ ഏതെല്ലാം;

(സി) ടെണ്ടർ ചെയ്ത പാലങ്ങൾ ഏതെല്ലാം;

(ഡി) മലപ്പുറം ജില്ലയിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ച ടെണ്ടർ ചെയ്ത റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ദേശീയപാതാവിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ഒന്ന്, രണ്ട്, മൂന്ന് എന്നിവയിലും നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം നാലിലും കൊടുത്തിരിക്കുന്നു.†

† അനുബന്ധം 14

LIBRARY ARCHIVES Kerala Legislative Assembly